# MyCARE

With me, every step of the way




"**ഇൻസുലിൻ എടുത്ത്** ഒരു
**ആസ്വാദ്യവും ആനന്ദകരവുമായ**
**യാത്രാനുഭവത്തിനായി**
തയ്യാറെടുപ്പുകളും മുൻകരുതലുകളും
എടുക്കേണ്ടത് പ്രധാനമാണ്"

# യാത്രക്കു മുൻപുള്ള തയ്യാറെടുപ്പുകൾ


# ഇക്കാര്യങ്ങൾക്കായി 4-6 ആഴ്ച മുൻപ് നിങ്ങളുടെ ഡോക്ടറെ സന്ദർശിക്കുക

- ആവശ്യമായ വാക്സിനേഷൻസ്
- ഇൻസുലിൻ ക്രമീകരണങ്ങൾ
- നിങ്ങളുടെ ഇപ്പോഴത്തെ ആരോഗ്യ അവസ്ഥയെ കുറിച്ചുള്ള മെഡിക്കൽ രേഖകൾ
- ഷാർപ്സ് (സൂചികൾ, ലാൻസെറ്റ്സ് എന്നിവ) കൈയിൽ കരുതേണ്ടതിന്റെ ആവശ്യകത




## ഫ്ലൈറ്റ് വൈകൽ അല്ലെങ്കിൽ അധിക സമയം തങ്ങേണ്ടി വരൽ എന്നിവക്കായി, പുറമെ അവശ്യ വസ്തുക്കൾ പാക്ക് ചെയ്യണമെന്ന് ഉപദേശിക്കുന്നു

- ഇൻസുലിൻ/കാർട്രിജസ്
- സിറിഞ്ച്/പെൻസ്
- ഹൈപ്പോ-കിറ്റ് മെറ്റീരിയൽസ്
- ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ്
- യൂറിൻ/ബ്ലഡ് കീറ്റോൺ ടെസ്റ്റിങ്ങ് സ്ട്രിപ്സ്



ലഗ്ഗേജ് നഷ്ടപ്പെടാനുള്ള സാധ്യതയെ ഇല്ലാതാക്കാൻ എല്ലായ്പ്പോഴും **ഇൻസുലിൻ സപ്ലൈകൾ രണ്ട് വ്യത്യസ്ത ബാഗുകളിൽ സൂക്ഷിക്കുക**



പ്രാദേശിക കാലാവസ്ഥ നിലകൾ പ്രകാരം **യോജിച്ച വസ്ത്രങ്ങളും പാദരക്ഷകളും കരുതുക**





# യാത്രക്കിടയിൽ ഇൻസുലിൻ സംഭരിച്ചു വെക്കുക


## അതീവ താപനിലകളോട് സംവേദനത്വം ഉള്ളതാണെന്നതിനാൽ, ഇൻസുലിൻ ഒരിക്കലും ഇവയിൽ സൂക്ഷിക്കരുത്

- ഫ്രീസർ
- നേരെ ഐസിന്മേൽ
- നേരിട്ട് വെയിൽ കൊള്ളുന്നിടത്ത്
- കാറിലെ ഗ്ലൗ കംപാർട്ട്മെന്റിൽ






ഇൻസുലിൻ വയൽ/പെൻ
സുഗമമായി ലഭിക്കുന്ന
**പ്രത്യേക ഇൻസുലേറ്റഡ്**
**അല്ലെങ്കിൽ കൂളിങ്ങ് പൗച്ചുകളിൽ**
സംഭരിച്ചു വെക്കുക




**വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ**
കാർഗോയിൽ ബിലോ സീറോ
ടെമ്പറേച്ചർ ഡാമേജ് ഒഴിവാക്കുവാൻ
ഇൻസുലിൻ എല്ലായ്പ്പോഴും **ഹാന്റ്**
**ലഗ്ഗേജിൽ** ചുമക്കുക




# ടൈം-സോണുകൾക്ക് കുറുകെ യാത്ര ചെയ്യുമ്പോൾ ഇൻസുലിൻ ക്രമീകരണം

**പടിഞ്ഞാറു നിന്ന് കിഴക്കോട്ട് യാത്ര ചെയ്യുമ്പോൾ** ദിവസം കുറയും എന്നതിനാൽ നിങ്ങൾക്ക് ഇൻസുലിൻ ആവശ്യം കുറവായിരിക്കും



**കിഴക്കു നിന്ന് പടിഞ്ഞാറോട്ട് യാത്ര ചെയ്യുമ്പോൾ** ദിവസം കൂടും എന്നതിനാൽ നിങ്ങൾക്ക് ഇൻസുലിൻ ആവശ്യം കൂടുതൽ ആയിരിക്കും



വ്യത്യസ്ത ടൈം സോണുകൾക്ക് കുറുകെ യാത്ര ചെയ്യുവാൻ ആലോചിക്കുമ്പോൾ, ഇൻസുലിൻ സമയവും ഡോസേജുകളും നിങ്ങളുടെ ഡോക്ടറുമായി ചർച്ച ചെയ്യേണ്ടതാണ്




## ഫ്ലൈറ്റ് സമയദൈർഘ്യത്തെ ആസ്പദമാക്കി ഇൻസുലിൻ ക്രമീകരണങ്ങൾ ആവശ്യമാകും


ഫ്ലൈറ്റ് സമയദൈർഘ്യം




ടൈം സോൺ ഷിഫ്റ്റ് എടുക്കുന്ന മണിക്കൂറുകൾ




ഭക്ഷണ, പലഹാര സമയങ്ങൾ




ലേഓവേർസ്




ഇൻസുലിൻ ഡോസുകളുടെ
പതിവു രീതി



ലക്ഷ്യ സ്ഥാനത്ത്
എത്തുന്ന സമയം




പകലത്തെ
പ്രവർത്തനങ്ങൾ



# അന്താരാഷ്ട്ര രാജ്യങ്ങളിൽ നിന്ന് ഇൻസുലിൻ വാങ്ങൽ

നിങ്ങൾ യാത്ര ചെയ്യുന്ന രാജ്യത്ത് ലഭിക്കുന്ന വിവിധ ഇൻസുലിൻ ഗാഢതകളെ കുറിച്ച് **നിങ്ങൾക്ക് അറിവുണ്ടായിരിക്കണം.**


ചില രാജ്യങ്ങളിൽ **യു-40, യു-100 അല്ലെങ്കിൽ യു-80** ലഭ്യമാകാം.




**കുറിപ്പ്:** ആവശ്യമായ ഇൻസുലിൻ അളവിൽ കുറവോ കൂടുതലോ നൽകുന്നത് ഒഴിവാക്കുന്നതിനു വേണ്ടി, ഗാഢതക്ക് അനുസൃതമായി ശരിയായ സിറിഞ്ചുകൾ ഉപയോഗിക്കേണ്ടതാണ്.

# സ്വയം-പരിരക്ഷ സൂചനകൾ


**നിങ്ങളുടെ ഡയബെറ്റിസ് ഐഡന്റിറ്റി കാർഡും** ഡോക്ടർ ഈയിടെ നൽകിയ പ്രിസ്ക്രിപ്ഷനും **എപ്പോഴും കൈയിൽ കരുതുക**



എയർപോർട്ടിൽ സെക്യൂരിറ്റി പരിശോധന ആവശ്യത്തിനായി **പ്രസക്തമായ രേഖകൾ കൈയിൽ വെക്കുക**




യാത്ര ചെയ്യുമ്പോഴും ലക്ഷ്യസ്ഥലത്തും **ലഭ്യമായ ഭക്ഷണ വിഭവങ്ങൾ ഏതെല്ലാമെന്ന് അറിയുക** അങ്ങിനെ നിങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം സമയത്ത് കഴിക്കാൻ സാധിക്കും



**കുറിപ്പ്:** കുറച്ച് ആരോഗ്യകരമായ പലഹാരങ്ങൾ കൊണ്ടുപോകുക.

പതിവു ചിട്ടയിൽ മാറ്റം, സമയങ്ങൾ, കഴിച്ച ഭക്ഷണം, യാത്രക്കിടയിൽ പ്രവർത്തനങ്ങളിലെ ഏറ്റക്കുറച്ചിലുകൾ എന്നിവയെ ആശ്രയിച്ച് **ബ്ലഡ് ഷുഗർ** ഉയരുന്നതും താഴുന്നതും **നിരീക്ഷിക്കുക**



“കൂടുതൽ വിവരങ്ങൾക്ക്, നിങ്ങളുടെ ഡോക്ടറെ അല്ലെങ്കിൽ നിങ്ങളുടെ **MyCARE ഡയബെറ്റിസ് എജ്യുക്കേറ്ററെ** ബന്ധപ്പെടുക”



MyCARE

With me, every step of the way

## Reference


- Diabetes Management during travel. Accessed from: https://www.openaccessjournals.com/articles/Diabetes-management-during-travel.pdf

- Toschi.E. Safe and effective use of Insulin requires proper storage. December 4, 2018. Harvard medical school. Available at: Safe and effective use of Insulin requires proper storage - Harvard Health. Accessed March 30, 2022

- Foronoville E. How to keep Insulin cold while travelling. January 26, 2021. Available at How to keep Insulin cold while travelling – Diabetic & Me (diabeticme.org). Accessed March 30, 2022

The guide/presentation/content/literature is for general information, guidance and educational purposes only and is not complete or exhaustive. The guide /presentation/content/literature is not intended or implied to replace or substitute any current practice and or advice/guidance/diet provided by healthcare professionals. This guide/presentation/content/literature does not constitute any treatment/therapy/medication/diet/opinions for any patients who are on diabetes medication, the patients are required to prior consult their healthcare professional before acting on any change on treatment/therapy/ medication/diet and/or opinions. USV Private Limited makes no representations as to accuracy, completeness, correctness, suitability or validity of any information contained in this guide/presentation/content/ literature and will not be liable for any losses, injuries or damages arising from its use.